I/386938/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 19-06-2023

നമ്പർ:DT/5117/2022-A5

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം- ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2021-23) - സർക്കാർ ഓഫീസുകളുടെയും വാഹനങ്ങളുടെയും ബോർഡുകൾ, ഔദ്യോഗിക സീലുകൾ വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഫോറങ്ങൾ, രസീതുകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കുന്നത്- സംബന്ധിച്ച്.

സൂചന:- ഒ.എൽ3/67/2022/പി&എആർഡി നമ്പരായ 03.05.2023 ലെ സർക്കാർ കത്ത്

***************************

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു ആയത് പ്രകാരംസർക്കാർ ഓഫീസുകളുടെയും വാഹനങ്ങളുടെയും ബോർഡുകൾ, ഔദ്യോഗിക സീലുകൾ വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഫോറങ്ങൾ, രസീതുകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും നിയമസഭ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23) ആവശ്യപ്പെട്ടിരിക്കുന്നു.

മേൽവിഷയം സംബന്ധിച്ച് വകുപ്പിൽ നിന്നും സബ് ഓഫീസ്കളിലേക്ക് യഥാസമയം നിർദ്ദേശങ്ങൾ നൽകിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളുടെയും വാഹനങ്ങളുടെയും ബോർഡുകൾ, ഔദ്യോഗിക സീലുകൾ വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഫോറങ്ങൾ, രസീതുകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കുന്ന നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല എങ്കിൽ ആയത്അടിയന്തിരമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് 29.06.2023 ന മുൻപായി ഈ ഓഫീസിലേക്ക് അയച്ചു നൽകേണ്ടതാണ്.

ഉള്ളടക്കം :- സൂചന കത്ത്

PTO →

/386938/2023

JOINT DIRECTOR OF TRAINING

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:- എല്ലാ സ്ഥപനമേധാവികൾക്കും

പകർപ്പ്:- എല്ലാ സെക്ഷൻ സൂപ്രണ്ട് മാർക്കും, ട്രെയിനിംഗ് ഡയറക്ടറേറ്റ് ( സെക്ഷനുമായി ബന്ധപ്പെട്ട നിലവിലെ വിവരങ്ങൾ ലഭിക്കുന്നതിന് )

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

നം.ഒ.എൽ3/67/2022/പി&എആർഡി

തിരുവനന്തപുരം
തീയതി.03/05/2023

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പുതലവൻമാർക്കും

സർ,

വിഷയം:- ഔദ്യോഗികഭാഷാ വകുപ്പ്- കേരളനിയമസഭ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021 -23) സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്ന റിപ്പോർട്ടുകളിൽ മലയാളം തസ്തികമുദ്ര പതിപ്പിക്കണമെന്ന നിർദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1.കേരളനിയമസഭസെക്രട്ടേറിയറ്റിന്റെ 27/03/2023-ലെ 853/ഔ.ഭ.സ 2/2006/നി.സെ. നമ്പർ കത്ത്.

2. 14/03/2017-ലെ സ.ഉ(അച്ചടി)നം.4/2017/ഉഭപവ ഉത്തരവ്.

3. 9/6/2022-ലെ ജി.ഒ(എം.എസ്)നം.12/2022/പി&എആർഡി ഉത്തരവ്.

4. 16/7/2003-ലെ ജി.ഒ(എം.എസ്)നം.19/2003/പി&എആർഡി ഉത്തരവ്.

സർക്കാർ ഓഫീസുകളുടെയും വാഹനങ്ങളുടെയും ബോർഡുകൾ, ഔദ്യോഗിക സീലുകൾ, വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഫോറങ്ങൾ, രസീതുകൾ, രജിസ്റ്ററുകൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അത് എന്നത്തേക്കു, പൂർത്തിയാക്കാൻ സാധിക്കുമെന്നും സൂചന(1) പ്രകാരം നിയമസഭ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23) ആവശ്യപ്പെട്ടിരിക്കുന്നു. മേൽവിഷയം സംബന്ധിച്ച് സർക്കാർ സൂചന (2) മുതൽ (4) വരെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും അപ്രകാരം നടപടികൾ സ്വീകരിക്കണമെന്ന് വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ടി ഉത്തരവുകളിന്മേൽ താങ്കളുടെ വകുപ്പിനുകീഴിലുള്ള മുഴുവൻ ഓഫീസുകളിലും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്, അവ പൂർത്തീകരിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ എത്ര സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്നുമുള്ള വിവരം നിയമസഭ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)ക്കു നൽകുന്നതിനായി ഈ വകുപ്പിൽ അടിയന്തരമായി ലഭ്യമാക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
സൺദേവ് എൻ.
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ